<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1449</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>തലപ്പിള്ളി മോഡൽ കരിയർ സെന്റർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 22.02.2024 തീയതിയിലെ സ.ഉ.(സാധാ)നം.236/2024/എൽ.ബി.ആർ. പ്രകാരം കേന്ദ്ര ഫണ്ട് വിനിയോഗിക്കാൻ അനുമതി ലഭ്യമായ തലപ്പിള്ളി മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഏത് അംഗീകൃത ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തലപ്പള്ളി മോഡൽ കരിയർ സെന്ററിന്റെ സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രയാണ്. |
| (ബി) | പ്രസ്തുത ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഏജൻസി സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (സി) | തലപ്പിള്ളി മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | തലപ്പള്ളി മോഡൽ കരിയർ സെന്ററിന്റെ സിവിൽ വർക്കുകളുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിക്കുന്നതിനും പ്രസ്തുത വർക്ക് നിർവ്വഹിക്കുന്നതിന് തൃശ്ശൂർ ജില്ലാനിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ